പമ്പ് ഓപ്പറേറ്റർ-ജനറൽ വാച്ചർ തസ്തികകൾ

115 (2027) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിലെ ലിഫ്റ്റ് ഇറിഗേഷനിലെ പമ്പ് ഓപ്പറേറ്റർ, കനാൽ വാച്ചർ എന്നീ ജോലികൾക്ക് ജീവനക്കാരെ നിയമിക്കുന്നതിന് ഇന്ന് തുടർന്നുവരുന്ന രീതിയും മാനദണ്ഡവും വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. വഴിയോ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ഇത്തരം ജോലികൾക്ക് ആളുകളെ നിയമിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ മേഖലയിൽ കാഷ്വലായി ജീവനക്കാരെ നേരിട്ട് നിയമിക്കുകയും പിന്നീട് അവരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ നിലവിലുള്ള കാഷ്വൽ ജീവനക്കാരായ എച്ച്.ആർ. ജീവനക്കാരെ മാത്രം സ്ഥിരപ്പെടുത്തിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇവരെക്കൂടി സ്ഥിരപ്പെടുത്തുന്നതിനും സ്ഥിരപ്പെടുത്താത്ത ജീവനക്കാരെ എൻ.എം.ആർ. ആയോ എസ്.എൽ.ആർ. ആയോ നിലനിർത്തുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(എഫ്) ജോലിസ്ഥിരത ലഭിക്കുന്നതുവരെ ഇവർക്ക് സർക്കാർ ദിവസക്കൂലിക്കാർക്ക് നിശ്ചയിച്ച ദിവസക്കൂലിയെങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇവരെ നിയമിക്കുന്നത് കേരള എൻജിനീയറിംഗ് സബോർഡിനേറ്റ് സർവീസ് (ലിഫ്റ്റ് ഇറിഗേഷൻ ബ്രാഞ്ച്) സ്പെഷ്യൽ റൂൾസ് മുഖാന്തിരമാണ്. എന്നാൽ റഗുലറൈസ് ചെയ്യപ്പെട്ട എൻ.എം.ആർ., എസ്.എൽ.ആർ., സി.എൽ.ആർ. തൊഴിലാളികളിൽ നിന്നാണ് മേൽപ്പറഞ്ഞ ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

(ബി) ഇപ്പോൾ റഗുലറൈസ് ചെയ്യപ്പെട്ട എൻ.എം.ആർ., എസ്.എൽ.ആർ., സി.എൽ.ആർ. തൊഴിലാളികൾ ലഭ്യമായതിനാൽ പി.എസ്.സി. വഴിയോ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താറില്ല.

(സി) ഇല്ല.

(ഡി & ഇ) ഉദിക്കുന്നില്ല.

(എഫ്) നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ദിവസക്കൂലി നല്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly